pathinālāṁ

# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1935 05.10.2016 -ൽ മറുപടിക്ക്

### മൃഗശാലകൾ

ചോദ്യം

ശ്രീ. പി.സി.ജോർജ്ജ്

മറുപടി

ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ എത്ര മൃഗശാലകൾ ഉണ്ട് ; ഇവ ഏതൊക്കെയെന്ന് വിശദമാക്കുമോ ; | (എ) | മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ രണ്ട് മൃഗശാലകളാണുള്ളത്. തിരുവനന്തപുരം മൃഗശാലയും, തൃശ്ശൂർ മൃഗശാലയും. |
| (ബി) | കേരളത്തിലെ മൃഗശാലകളിൽ വിവിധ ഇനത്തിൽപ്പെട്ട മൃഗങ്ങളും മറ്റും വളരെ കുറവാണെന്നുള്ള വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | ഉണ്ട്. കൂടുതൽ മൃഗങ്ങളെ മൃഗശാലകളിൽ എത്തിക്കുന്നതിന് സ്ഥലപരിമിതി വലിയ തടസ്സമായി നിൽക്കുന്നു; കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാനിൽ ഉൾപ്പെട്ട ജിറാഫ്, ഏഷ്യാറ്റിക്ക് സിംഹം, കഴുതപ്പുലി, വൈറ്റ് ലയൺ എന്നീ മൃഗങ്ങൾ നമ്മുടെ മൃഗശാലകളിൽ ഇല്ല. |
| (സി) | കേരളത്തിലെ വിവിധ മൃഗശാലകളിൽ നല്ല ഇനം മൃഗങ്ങളേയും, പക്ഷികളേയും, പാമ്പുകളേയും മറ്റും അന്യരാജ്യങ്ങളിൽ നിന്നും കൊണ്ടുവന്ന് മൃഗശാല വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും, തിരുവനന്തപുരം മൃഗശാലയിൽ ലഭ്യമല്ലാത്തതുമായ മൃഗങ്ങളെ മൃഗശാലയിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ